## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2019** **17.06.2014-ൽ മറുപടിയ്ക്ക്**

# വൈദ്യുത മീറ്റർ വാടക

**ചോദ്യം**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ഗാർഹിക വൈദ്യുത ഉപഭോക്താക്കളിൽ നിന്ന് മീറ്റർ വാടക ഈടാക്കിത്തുടങ്ങിയത് എന്നു മുതലാണെന്നും എത്ര രൂപയായിരുന്നു വാടകയെന്നും ഇപ്പോൾ എത്ര രൂപയാണ് ഈടാക്കുന്നതെന്നും വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) 05.04.2002 — ലെ ബോർഡുത്തരവ് പ്രകാരം 01.05.2002 മുതൽ താഴെപ്പറയുന്ന നിരക്കിൽ മീറ്റർ വാടക ഈടാക്കിയിരുന്നു.

| | |
|---|---|
| 1. Single Phase Meters | ₹ 10/per month |
| 2. Three Phase Meters | ₹ 20/per month |
| 3. Three Phase CT meters upto 30 A capacity | ₹ 50/per month |
| 4. Three Phase CT meters above 30 A capacity | ₹ 75/per month |

ഇലക്ട്രിസിറ്റി ആക്ട്, 2003 ലെ വ്യവസ്ഥകൾക്ക് വിധേയമായും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെയും മേൽപ്പറഞ്ഞ നിരക്കിൽ മീറ്റർ വാടക തുടർന്നും ഈടാക്കിയിരുന്നു.

എന്നാൽ 24.12.2003 ലെ പരിഷ്കരിച്ച ബോർഡുത്തരവ് പ്രകാരം താഴെപ്പറയുന്ന നിരക്കിലുള്ള മീറ്റർ വാടക ഈടാക്കി വരുന്നു.

| | |
|---|---|
| 1. Single Phase Meters | ₹ 10/ per month |
| 2. Three Phase Meters | ₹ 20/per month |
| 3. Three Phase CT Meter | ₹ 75/ per month |

| | |
|---|---|
| (ബി) ഒരു വൈദ്യുതി മീറ്ററിന് ബോർഡിന് എത്ര രൂപ ചെലവു വരുന്നുണ്ടെന്നും ഉപഭോക്താവിൽ നിന്ന് മീറ്റർ സ്ഥാപിക്കുമ്പോൾ എത്ര രൂപ ഈടാക്കുന്നുവെന്നും വ്യക്തമാക്കുമോ ; | (ബി) ഒരു വൈദ്യുതി മീറ്റർ വാങ്ങാൻ ഇപ്പോൾ ബോർഡ് നൽകുന്ന വില താഴെ ചേർക്കുന്നു.<br>(a) സിംഗിൾ ഫേസ് എനർജി മീറ്റർ (എൽ.സി.ഡി യും ടി.ഒ.ഡി യും ഉള്ളത്) - 691.50/- രൂപ<br>(b) ത്രീഫേസ് എനർജി മീറ്റർ (എൽ.സി.ഡി യും ടി.ഒ.ഡി യു ഉള്ളത് — 2,082.08/- രൂപ<br>മേൽപ്പറഞ്ഞ മീറ്ററുകളുടെ ഗ്യാരന്റി കാലാവധി അഞ്ചു വർഷമാണ്. |
| (സി) മീറ്റർ വാടകയിനത്തിൽ വൈദ്യുതി ബോർഡിന് ഓരോ വർഷവും എത്ര രൂപ ലഭിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ; | (സി) 2012-13 വർഷത്തിൽ മീറ്റർ വാടക ഇനത്തിൽ 163 കോടിയോളം രൂപ ലഭിച്ചിട്ടുണ്ട്. |
| (ഡി) മീറ്റർ വാടക ഒഴിവാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ 10 വർഷത്തിലധികമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മീറ്ററുകളുടെ വാടക ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) സംസ്ഥാനത്ത് മീറ്റർ വാടക പുതുക്കുന്നതിനോ ഒഴിവാക്കുന്നതിനോ ഉള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. ഉപഭോക്താക്കൾ സ്വന്തം നിലയ്ക്ക് മീറ്റർ വാങ്ങി വൈദ്യുതി കണക്ഷൻ എടുക്കുന്ന പക്ഷം മേൽപ്പറഞ്ഞ വാടക നൽകേണ്ടതില്ല.. |

സെക്ഷൻ ഓഫീസർ.